എൽ.എം.എസ്.എൽ.പി.എസ്
നെയ്യാറ്റിൻകര

# അക്കാദമിക മാസ്റ്റർപ്ലാൻ

# മികവ്

2025 - 26

എൽ. എം. എസ്. എൽ. പി. എസ്

നെയ്യാറ്റിൻകര

# അക്കാദമിക

# മാസ്റ്റർ പ്ലാൻ

## മികവ് - 2025 - 26

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 2026

- വിദ്യാലയത്തിന്റെ പേര് : എൽ.എം.എസ്.എൽ.പി.എസ് നെയ്യാറ്റിൻകര
- വിലാസം : നെയ്യാറ്റിൻകര, നെയ്യാറ്റിൻകര.P.O PIN : 695121
- സ്കൂൾകോഡ് : 44426
- വിദ്യാഭ്യാസ ഉപജില്ല : നെയ്യാറ്റിൻകര
- വിദ്യാഭ്യാസ ജില്ല : നെയ്യാറ്റിൻകര
- റവന്യൂ ജില്ല : തിരുവനന്തപുരം
- ബി.ആർ.സി : നെയ്യാറ്റിൻകര
- മുനിസിപ്പാലിറ്റി : നെയ്യാറ്റിൻകര
- ബ്ലോക്ക്പഞ്ചായത്ത് : അതിയന്നൂർ
- ജില്ലാ പഞ്ചായത്ത് : തിരുവനന്തപുരം
- നിയമസഭാമണ്ഡലം : നെയ്യാറ്റിൻകര
- ലോക്സഭാമണ്ഡലം : തിരുവനന്തപുരം
- താലൂക്ക് : നെയ്യാറ്റിൻകര
- വില്ലേജ് : നെയ്യാറ്റിൻകര
- ഇ. മെയിൽ : 44426lmslpsnta@gmail.com

# ഉള്ളടക്കം


- ആമുഖം
- കാഴ്ചപ്പാട്
- പൊതുലക്ഷ്യം
- അക്കാദമികം
  - > ഭാഷാപഠനം
  - > ഇംഗ്ലീഷ്ഭാഷ
  - > ശാസ്ത്രപഠനം
  - > സാമൂഹ്യശാസ്ത്രം
  - > ഗണിതശാസ്ത്രം
  - > കായികവിദ്യാഭ്യാസം
  - > കലാവിദ്യാഭ്യാസം
- തനതു പ്രവർത്തനങ്ങൾ
- സാമൂഹികം
- ഉപസംഹാരം

# ആമുഖം

എൽ. എം. എസ് മിഷണറിമാരായ റിംഗിൾടോബ്, വേദമാണിക്യം മഹാരാസൻ എന്നിവരുടെ നേതൃത്വത്തിൽ 1823 ൽ ആരംഭിച്ച നെയ്യാറ്റിൻകര സി. എസ്. ഐ ദേവാലയത്തിൽ നെയ്യാറ്റിൻകര എൽ. എം. എസ്. സ്കൂൾ പ്രവർത്തനം ആരംഭിച്ചു. ആദ്യ പ്രഥമ അധ്യാപകൻ പീറ്റർ. ജെ. ഹോക്സ്. ആദ്യ വിദ്യാർത്ഥി ഏനോസ്. 1925-ൽ സ്കൂളിന് സ്വന്തമായി ഒരു കെട്ടിടം നിലവിൽ വന്നു. കൊല്ലം ജില്ലാ ജഡ്ജി ആയിരുന്ന ശ്രീ. ചന്ദ്രദാസ് നാടാർ, പ്രശസ്ത സംഗീതവിദ്വാൻ നെയ്യാറ്റിൻകര വാസുദേവൻ എന്നിവർ ഇവിടത്തെ പൂർവവിദ്യാർഥികളാണ്. 202 സിവിൽ സർവീസ് പരീക്ഷയിൽ ഇവിടത്തെ വിദ്യാർത്ഥി ആയിരുന്ന ആഷ്‌ലി IAS കരസ്ഥമാക്കി സ്കൂളിന്റെ അഭിമാനമായി മാറി. പ്രഥമാധ്യാപിക ഉൾപ്പെടെ അഞ്ച് അധ്യാപകർ ഇവിടെ സേവനമനുഷ്ഠിക്കുന്നു. I മുതൽ V വരെ ക്ലാസുകൾ പ്രവർത്തിക്കുന്നു. വിവിധ ക്ലബുകൾ, Spoken English class, G.K class എന്നിവ നടത്തുന്നു. പാഠ്യ-പാഠ്യേതരപ്രവർത്തനങ്ങളിൽ പരിപോഷണം നൽകുന്നു. സമൂഹിക പങ്കാളിത്തത്തോടെ പഠനോത്സവങ്ങൾ സംഘടിപ്പിക്കുന്നു. അറിവിന്റെ വഴിവിളക്കായി ദേശത്തിന് അഭിമാനമായി എൽ. എം. എസ്. എൽ. പി. എസ്. നെയ്യാറ്റിൻകര ഉന്നത നിലവാരം പുലർത്തുന്നു.

# കാഴ്ചപ്പാട്

- സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പുവരുത്തുക.
- എല്ലാകുട്ടികളും ഉയർന്ന വായനാശേഷി കൈവരിക്കുക.
- ക്ലാസ്മുറികൾ തന്നെ പാഠപുസ്തകമായി വികസിപ്പിക്കുക.
- കുട്ടികളിൽ അന്തർലീനമായിരിക്കുന്ന സർഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുക.
- പ്രത്യേക പരിഗണന അർഹിക്കുന്ന എല്ലാ കുട്ടികൾക്കും പിന്തുണയും പ്രോത്സാഹനവും നൽകുക.
- വ്യത്യസ്തഭാഷകൾ അനായാസം കൈകാര്യം ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കൽ.
- കരിക്കുലം ലക്ഷ്യമിടുന്ന എല്ലാ പഠന നേട്ടങ്ങളും അതിന്റെ പൂർണതയിൽ എല്ലാ കുട്ടികളും ആർജിക്കുക.
- കുട്ടികളിൽ ക്രിയാത്മകതയും, ശാസ്ത്രബോധവും വിമർശനാത്മക ചിന്തയും വളർത്തുക.
- കുട്ടികളിൽ പ്രകൃതി സൗഹൃദ മനോഭാവം വളർത്തുക
- പരിസ്ഥിതി സൗഹൃദ വിദ്യാലയ അന്തരീക്ഷം തീർക്കുക.
- നല്ല ആരോഗ്യമുള്ള, സാമൂഹിക പ്രതിബദ്ധതയുള്ള പൗരന്മാരായി വാർത്തെടുക്കുക.

# പൊതുലക്ഷ്യം

- സമഗ്രഗുണമേന്മാവിദ്യാഭ്യാസം ഉറപ്പാക്കുക.
- ഓരോ കുട്ടിയുടെയും അറിവും കഴിവും അതത് പ്രായത്തിനനുസരിച്ച് വിഭാവന ചെയ്ത് കുട്ടികളെ ഉയർന്ന നിലവാരത്തിലെത്തിക്കുക.
- ഓരോ കുട്ടിയുടെയും കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠനനേട്ടത്തിന് തുല്യമായ അവസരം നൽകുക.
- അതത് വിഷയ മേഖലകളിൽ സവിശേഷവൈഭവം ഉള്ളവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.
- സാമൂഹ്യശേഷികളും, ജീവിതനൈപുണികളും, ജനാധിപത്യബോധവും, മൂല്യബോധവും വളർത്തിയെടുക്കുക
- പരിസ്ഥിതി അവബോധം, മാലിന്യനിർമ്മാർജ്ജന അവബോധം എന്നിവ കുട്ടികളിൽ വളർത്തുക.
- ലഹരിക്കെതിരെ പ്രതികരിക്കാനുള്ള ആർജ്ജവം കുട്ടികളിൽ വളർത്തുക.
- കുട്ടികളുടെ ശാരീരിക - മാനസിക - വൈകാരിക ആരോഗ്യം ഉറപ്പു വരുത്തുക
- മാതൃഭാഷയോടൊപ്പം ഹിന്ദി, ഇംഗ്ലീഷ് ഭാഷകളിൽ ഉയർന്ന ശേഷി കൈവരിക്കുക.
- നിരീക്ഷണം, താരതമ്യം, അപഗ്രഥനം എന്നിവയിലൂടെ ഗവേഷണാത്മക പഠനം ഉറപ്പാക്കുക.

മേഖല : അക്കാദമികം

ഉപമേഖല : ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കൽ [ വായന / ലേഖനം ] | ക്ലാസ്‌ലൈബ്രറി ശാക്തീകരണം<br>• ഓരോ ക്ലാസിലും ഉപയോഗിക്കാവുന്ന പുസ്തകങ്ങൾ ലിസ്റ്റ് ചെയ്ത് ക്ലാസ് ലൈബ്രറി ഒരുക്കുന്നു.<br>• വായനമൂലകൾ തയ്യാറാക്കുന്നു.<br>• സ്വതന്ത്രവായന നടത്തുന്നു.<br>• വായനക്കുറിപ്പുകൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നു.<br>• എല്ലാ കുട്ടികൾക്കും വായിക്കാനും എഴുതാനും കഴിയുന്നു എന്ന് അധ്യാപിക ഉറപ്പു വരുത്തുന്നു.<br>• പതിപ്പ് നിർമാണം | ജൂൺ ആദ്യവാരം<br><br>വായനമാസാചരണം ജൂൺ 19 to ജൂലൈ 19 വരെ | Class teacher<br><br>Class teacher | സ്പോൺസറിംഗ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • എല്ലാ കുട്ടികളും ഭാഷയിലെ ഉയർന്ന ശേഷി കൈവരിച്ചു എന്ന് ഉറപ്പാക്കൽ | **ഭാഷാവ്യവഹാര രൂപങ്ങൾ**<br>• പഠനപ്രവർത്തനങ്ങൾ, വായനസാമഗ്രികൾ എന്നിവയെ ഭാഷയുടെ വിവിധ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റാൻ അവസരം നൽകുന്നു.<br>[കഥ, കവിത, നാടകം, സംഭാഷണം, വിവരണം, കുറിപ്പ്, ആസ്വാദനക്കുറിപ്പ്, വാങ്മയചിത്രങ്ങൾ, ....] | ഒരു വർഷം. | ഭാഷാധ്യാപകർ | |
| • സർഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരം നൽകൽ | **ഇൻലന്റ് മാഗസിൻ**<br>കുട്ടികളുടെ സൃഷ്ടികൾ ഉൾപ്പെടുത്തി ഓരോ കുട്ടിയും ഇൻലന്റ് മാഗസിൻ തയ്യാറാക്കൽ | ജനുവരി | അധ്യാപകർ | PTA |
| | • ബാലസഭകൾ | മാസത്തിൽ ഒന്ന് | Teachers | |
| | • **സാഹിത്യ ശില്പശാല**<br>സാഹിത്യകാരന്മാരെ ഉൾപ്പെടുത്തി ശില്പശാല സംഘടിപ്പിക്കൽ | വർഷത്തിൽ ഒന്ന് | Teachers പൂർവവിദ്യാർത്ഥികൾ | 5000/- |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ദേശസ്നേഹം, പ്രകൃതിസ്നേഹ മനോഭാവം, സർഗ്ഗാത്മക കഴിവുകൾ എന്നിവ വികസിപ്പിക്കുന്നതിന്. | • ദിനാചരണങ്ങൾ<br>ജൂൺ മുതൽ മാർച്ച് വരെയുള്ള പ്രധാനപ്പെട്ട ദിനങ്ങൾ ആചരിക്കുന്നു. അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ<br>• സ്വാതന്ത്ര്യദിനറാലി സംഘടിപ്പിക്കൽ<br>• | | അധ്യാപകർ വിദ്യാർത്ഥികൾ | |

ഉപമേഖല : ശാസ്ത്രപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ഗവേഷണാത്മക പഠനം സാധ്യമാക്കൽ.<br>• പരീക്ഷണസാമഗ്രികൾ അനായാസം കൈകാര്യം ചെയ്യുന്നതിന്<br>. ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിന്. | ശാസ്ത്രമൂല<br>• ഓരോ ക്ലാസിലും പരിസരപഠനത്തിന് ആവശ്യമായ സാമഗ്രികൾ ലിസ്റ്റ് ചെയ്യുന്നു<br>• കുട്ടികൾ വ്യക്തിഗതമായി സയൻസ്കിറ്റ് ഉണ്ടാക്കുന്നു<br>• ക്ലാസ്സുറികളിൽ സൂക്ഷിക്കേണ്ടവ/ ലാബിൽ സൂക്ഷിക്കേണ്ടവ തരംതിരിക്കുന്നു.<br>• കുട്ടികൾ ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.<br>• നിഗമനങ്ങൾ രൂപീകരിക്കുന്നു | | അധ്യാപകർ SRG കൺവീനർ | 3000/- |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ശാസ്ത്രബോധമുള്ള കുട്ടികളെ കണ്ടെത്തൽ | **പ്രതിഭകളെ കണ്ടെത്തൽ**<br>• സെമിനാർ, പ്രഭാഷണം, പരീക്ഷണ നിരീക്ഷണങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ. ശാസ്ത്രത്തിൽ മികവാർന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുക. | പ്രതിമാസം (4,5 Class) | സയൻസ് ക്ലബ്ബ് ടീച്ചർ | |
| • നിരീക്ഷണം, താരതമ്യം, വർഗീകരണം, അപഗ്രഥനം എന്നിവയിലൂടെ ശാസ്ത്രജ്ഞാനം നേടുന്നതിന് | **ഫീൽഡ് ട്രിപ്പുകൾ**<br>കുട്ടികളിൽ നേരനുഭവം ഉണ്ടാവുന്ന വിധത്തിൽ പാഠഭാഗവുമായി (തൊഴിലുമായി) ബന്ധപ്പെട്ട സ്ഥലങ്ങൾ, നിരീക്ഷിക്കുന്നതിന്. | I[st], II[nd] Termകളിൽ | HM അധ്യാപകർ PTA | |
| • ശാസ്ത്രപഠനത്തിന് ICT സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക. | ശാസ്ത്രപരിപോഷണം<br>വാനനിരീക്ഷണം ICT യുടെ സാധ്യതയോടെ നടപ്പിലാക്കൽ | | | |

ഉപമേഖല : സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രപഠനം ശാസ്ത്രീയമാക്കുക. | <u>സാമൂഹ്യശാസ്ത്ര ലാബ്</u><br>വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യശാസ്ത്രലാബ് ക്രമീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.എസ് ക്ലബ് | 3000/- |
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന് | <u>പഠനയാത്രകൾ</u><br>സാമൂഹ്യശാസ്ത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയവ സന്ദർശിക്കൽ | മൂന്നുമാസത്തിലൊരിക്കൽ | അധ്യാപകർ | |
| ആനുകാലികവിഷയങ്ങളെക്കുറിച്ചുള്ള സെമിനാർ, ചർച്ചകൾ എന്നിവ നടത്തി നിഗമനങ്ങൾ രൂപീകരിക്കൽ | <u>ചർച്ച</u><br>സമകാലികപ്രശ്നങ്ങളുമായുള്ള സാമൂഹ്യശാസ്ത്ര വിഷയങ്ങളെക്കുറിച്ച് ചർച്ച, സെമിനാർ, ചാനൽ ചർച്ച തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് | S.S അധ്യാപിക | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| CWSN കുട്ടികളെ നേർധാരയിൽ എത്തിക്കുക. | <u>തുല്യ പങ്കാളിത്തം</u><br>പഠനപ്രവർത്തനങ്ങൾ, സ്കൂൾതല മേളകൾ എന്നിവയിൽ CWSN കുട്ടികളുടെ പങ്കാളിത്തം ഉറപ്പിക്കൽ | പ്രതിദിനം | അധ്യാപകർ Special teacher | |

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതപഠനത്തിൽ കുട്ടികൾക്ക് അഭിരുചി വളർത്തൽ | <u>ഗണിതകേളി</u><br>സെമിനാർ സംഘടിപ്പിക്കുക, ഗണിതശാസ്ത്രത്തിന്റെ ചരിത്രവും, പ്രാധാന്യവും, ഗണിതശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം [illegible], ഗണിതക്വിസ്, പസിലുകൾ, കുസൃതിക്കണക്കുകൾ ഗണിതകേളികൾക്കായി ICT പ്രയോജനപ്പെടുത്തൽ ( ജിയോജിബ്ര ) | ഒരു വർഷം | ഗണിതക്ലബ്ബ് | |
| രസകരമായ ഗണിതശാസ്ത്ര പഠനവും ഗണിതശേഷികളുടെ വികാസവും | <u>ശില്പശാല</u><br>ഗണിതരൂപങ്ങൾ ഉപയോഗിച്ച് വിവിധ രൂപങ്ങളുടെ നിർമ്മാണം, ടാൻഗ്രാം. | സെപ്റ്റംബർ | അധ്യാപകർ വിദ്യാർത്ഥികൾ | Rs 1000/- |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഗണിതപഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ | <u>ഗണിതലാബ്</u><br>വിദ്യാലയത്തിന്റെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ, ഗണിതലാബിൽ വച്ച് ഗണിതക്ലാസ് കൈകാര്യം ചെയ്യൽ | | | |
| ഗണിതക്ലബ് രൂപീകരണം | <u>ഗണിതക്ലബ്</u><br>ഗണിത മാഗസിൻ തയ്യാറാക്കൽ, കുസൃതികണക്കുകൾ, പസിലുകൾ ഗണിതകേളികൾ, .... | മാസത്തിൽ ഒന്ന് | ക്ലബ് കൺവീനർ | |

ഉപമേഖല : കായിക വിദ്യാഭ്യാസം , കലാവിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കായികപരിശീലനം കാര്യക്ഷമമാക്കൽ | . കുട്ടികൾക്ക് കായികപരിശീലനം നൽകൽ<br>. കായികമത്സരം സംഘടിപ്പിക്കൽ | ആഴ്ചയിൽ ഒരു ദിവസം<br>വർഷത്തിൽ ഒന്ന് | കായിക അധ്യാപകൻ PTA | |
| കുട്ടികളിലെ കലാവാസനകൾ പരിപോഷിപ്പിക്കൽ | . നൃത്തം, സംഗീതം, ചിത്രരചന തുടങ്ങിയ കലാപ്രവർത്തനങ്ങളിൽ പരിശീലനങ്ങൾ സംഘടിപ്പിക്കൽ | | ക്ലാസ്ടീച്ചർ | |

തനതുപ്രവർത്തനങ്ങൾ : യോഗപരിശീലനം , പച്ചക്കറിത്തോട്ടം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ആരോഗ്യമുള്ള മനസ്സും ശരീരവും കുട്ടികൾക്ക് പ്രദാനം ചെയ്യൽ | യോഗപരിശീലനം<br>വായു സഞ്ചാരമുള്ള മുറി സജ്ജമാക്കൽ യോഗാമാറ്റ് | മാസത്തിൽ രണ്ടു ദിവസം | PTA | 10000/- |
| • കൃഷി ഒരു സംസ്കാരമായി കാണുക.<br>• വിഷരഹിത പച്ചക്കറിയുടെ പ്രാധാന്യം മനസ്സിലാക്കുക. | • കൃഷിയിടം കണ്ടെത്തൽ<br>• ഗ്രോബാഗ് തയ്യാറാക്കൽ<br>* തൈ നടീൽ<br>* പരിപാലനം | | | |

ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| . സാമൂഹികപങ്കാളിത്തം ഉറപ്പാക്കൽ<br>· കുട്ടികളുടെ സർഗാത്മക കഴിവുകളുടെ പരിപോഷണം.<br>· ക്ലാസ്തല മികവുകൾ സമൂഹമധ്യേ പ്രകടിപ്പിക്കൽ | · പൂർവവിദ്യാർഥി സംഗമം<br>· പൂർവവിദ്യാർഥികൾ, പൂർവ അധ്യാപകർ എന്നിവരെ ഉൾപ്പെടുത്തി വികസന കമ്മിറ്റി രൂപീകരണം | | PTA | |
| | <u>പഠനോത്സവം</u><br>ഒരു വർഷംകൊണ്ട് ക്ലാസ്സിലെ കുട്ടികൾ ആർജ്ജിച്ച പഠനമികവുകളുടെ നേർക്കാഴ്ച സമൂഹത്തിന് അവതരിപ്പിക്കുന്നു. | ഫെബ്രുവരി | അധ്യാപകർ PTA | 5000/- |

# ഉപസംഹാരം

വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ്. അത് മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്നു. വിദ്യാഭ്യാസരംഗത്ത് നേരിട്ടുകൊണ്ടിരിക്കുന്ന മൂല്യച്യുതിയിൽ നിന്നും നമ്മുടെ വിദ്യാലയങ്ങളെ സംരക്ഷിക്കേണ്ടത് അനിവാര്യമാണ്. സമഗ്രഗുണമേന്മാവിദ്യാഭ്യാസമാണ് പൊതുവിദ്യാലയങ്ങൾ ലക്ഷ്യമിടുന്നത്. ആ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ഈ പഠനം ഒരു പരിധിവരെ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.